**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5916 — 19.11.2019-ലെ മറുപടിയ്ക്ക്

**കായിക-യുവജനകാര്യ വകുപ്പിന്റെ സ്വപ്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വിദ്യാർത്ഥികളുടെ കായിക വികസനം ലക്ഷ്യമിട്ട് സംസ്ഥാന കായിക-യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച സ്വപ്ന പദ്ധതികളിൽ പലതും പാതിവഴിയിലാണെന്ന കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായോ; | (എ) & (ബി) | സംസ്ഥാനത്ത് കായിക വികസനം ലക്ഷ്യമിട്ട് കൃത്യമായ ആസൂത്രണത്തോടെ നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും പുരോഗതിയുടെ പാതയിലാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്പ്ലാഷ് പദ്ധതിയിലൂടെ നിലവിൽ തൃശ്ശൂർ ജില്ലയിൽ പരിശീലനം നൽകി വരുന്നു. മറ്റ് അഞ്ച് സെന്ററുകളിലെ പരിശീലനം 2019 നവംബർ മാസം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ പരിശീലനത്തിനായി കായികയുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന ഹൂപ്സ് പദ്ധതിക്കായി വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് 2019 നവംബർ മുതൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രത്തിലെ പരിശീലനം ആരംഭിക്കുന്നതായിരിക്കും. കൂടാതെ ഗ്രാസ് റൂട്ട് ലെവൽ ടെന്നീസ് പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | ഫുട്ബോളിലെ കിക്കോഫ് പദ്ധതിയെ മാറ്റി നിർത്തിയാൽ, എയ്സ് (ടെന്നീസ്) ഹൂപ്സ്(ബാസ്കറ്റ് ബോൾ) സ്പ്ലാഷ് (നീന്തൽ) എന്നീ പദ്ധതികളൊന്നും ഇനിയും ട്രാക്കിലാകാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ; | | |
| (സി) | പദ്ധതിയുടെ നടത്തിപ്പ് ചുമതല സർക്കാരിനാണെങ്കിലും പദ്ധതി നിർവ്വഹണം സ്വകാര്യ | (സി) | സംസ്ഥാനത്തുടനീളം കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ് പദ്ധതികൾ നടപ്പിലാക്കുന്നതിന് കായികയുവജനകാര്യാലയത്തിന്റെ |

| | | | |
|---|---|---|---|
| | ഏജൻസികളെയാണോ ഏൽപ്പിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | | സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ/EOI ക്ഷണിക്കുകയും കായിക പരിശീലന രംഗത്ത് മികവ് തെളിയിച്ച ഏജൻസികളെ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കുകയുമായിരുന്നു. കിക്കോഫ്, സ്പ്ലാഷ് പദ്ധതികൾക്ക് കോഴിക്കോട് ആസ്ഥാനമായ സെപ്റ്റ് (സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ്) എന്ന സ്ഥാപനത്തെയും ഹൂപ്സ് പദ്ധതിക്ക് പൂനൈ ആസ്ഥാനമായ കിൻഡർ സ്പോർട്സ് എൽ.എൽ.പി എന്ന സ്ഥാപനത്തെയുമാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം മേൽ പ്രസ്താവിച്ച ഏജൻസികൾക്കാണെങ്കിലും കായിക യുവജനകാര്യ വകുപ്പിന്റെ കൃത്യമായ മേൽനോട്ടത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളിലും സെന്റർതല കമ്മിറ്റികളും രൂപീകരിക്കുകയും സമയബന്ധിതമായ വിലയിരുത്തലുകൾ നടത്തുകയും ചെയ്തുവരുന്നു. |
| (ഡി) | പദ്ധതിയുടെ സമയപരിധി നീട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | പ്രസ്തുത പദ്ധതികൾ ആദ്യ ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**